# രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ആഫീസ്

**ആർ. ആർ. 3-22305/2009** **തീയതി, തിരുവനന്തപുരം, 2009 നവംബർ, 25.**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ) മാർക്കും.

സർ,

വിഷയം:— രജിസ്ട്രേഷൻ വകുപ്പ് — ഭൂമി കൈമാറ്റം — ആധാരങ്ങളിൽ ഭൂമിയുടെ ഇനം/തരം തെറ്റായി രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:— ഈ ആഫീസിലെ 19-10-2009 -ലെ ഇതേ നമ്പർ കത്ത്.

18-9-2009 -ൽ 45630/എ2/09/റവന്യൂ നമ്പരായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനും നൽകിയ കത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് തൽക്കാലത്തേയ്ക്ക് നിർത്തി വെയ്ക്കുവാനും ഇത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറായും, അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, എറണാകുളം നിയമ വകുപ്പിന്റെ പ്രതിനിധി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും സമിതി ഒരു മാസത്തിനകം ശുപാർശകൾ സമർപ്പിക്കുന്നതിനും ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പ് മന്ത്രി അവർകളുടെ ചേംബറിൽ വെച്ച് 24-11-2009 -ന് പകൽ 2.15 മണിയ്ക്ക് ചേർന്ന ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, റവന്യൂ വകുപ്പ് മന്ത്രിമാരുടെ സംയുക്ത യോഗം തീരുമാനിച്ച വിവരം അറിയിക്കുന്നു. ഈ കത്തിന്റെ പകർപ്പ് എല്ലാ സബ് രജിസ്ട്രാർമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ.